198

ഭാരത സർക്കാർ

നിയമമന്ത്രാലയം

सत्यमेव जयते

# പൊതുസ്വത്ത് നാശനഷ്ടപ്പെടുത്തുന്നത് തടയൽ ആക്റ്റ്, 1984

## (1984-ലെ 3-ാം നമ്പർ ആക്റ്റ്)

(1998 മേയ് 14-ാം തീയതി നിലവിലിരുന്ന പ്രകാരം)

# The Prevention of Damage to Public Property Act, 1984

## (Act No. 3 of 1984)

(As on 14th May, 1998)

വില : 16 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത് 2011

# ആമുഖം

1998 മേയ് 14-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള പൊതുസ്വത്ത് നാശനഷ്ടപ്പെടുത്തുന്നത് തടയൽ ആക്റ്റ്, 1984 (1984-ലെ 3-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ഡിസംബർ 2-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 1-ാം നമ്പരായി 1 മുതൽ 3 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. രഘ്ബീർ സിങ്,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Prevention of Damage to Public Property Act, 1984 (Act No. 3 of 1984) as on 14th May, 1998 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 1, dated 2nd December, 2003 on pages 1 to 3.

This authorised translation was published under the authority of the President of India under clause (a) Section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973) and on such publication it became the authoritative text of that Act in Malayalam.

DR. RAGHBIR SINGH,
*Secretary to Government of India.*

GCPT. 3/2366/2011/DTP

# പൊതുസ്വത്ത് നാശനഷ്ടപ്പെടുത്തുന്നത് തടയൽ ആക്റ്റ്, 1984

(1984-ലെ 3-ാം നമ്പർ ആക്റ്റ്)

ഉള്ളടക്കം

*വകുപ്പുകൾ* *പേജ്*


1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും 1
2. നിർവ്വചനങ്ങൾ 1
3. പൊതുസ്വത്തിന് നാശനഷ്ടം ഉണ്ടാക്കുന്ന ദ്രോഹം 2
4. തീയോ സ്ഫോടകവസ്തുവോ കൊണ്ട് പൊതു സ്വത്തിനുണ്ടാകുന്ന ദ്രോഹം 2
5. ജാമ്യം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ 2
6. ഒഴിവാക്കൽ 3
7. റദ്ദാക്കലും ഒഴിവാക്കലും 3


GCPT. 3/2366/2011/DTP

# പൊതുസ്വത്ത് നാശനഷ്ടപ്പെടുത്തുന്നത് തടയൽ ആക്റ്റ്, 1984

(1984-ലെ 3-ാം നമ്പർ ആക്റ്റ്)

[1984 മാർച്ച്, 16]

പൊതുസ്വത്ത് നാശനഷ്ടപ്പെടുത്തുന്നത് തടയുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു സംഗതികൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തിയഞ്ചാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

*ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും*

1. (1) ഈ ആക്റ്റിന് പൊതുസ്വത്ത് നാശനഷ്ടപ്പെടുത്തുന്നത് തടയൽ ആക്റ്റ്, 1984 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 1984 ജനുവരി 28-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

*നിർവ്വചനങ്ങൾ*

2. ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) "ദ്രോഹം" എന്നതിന് ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 425-ാം വകുപ്പിലെ അതേ അർത്ഥമുണ്ടായിരിക്കുന്നതാണ്;

(ഖ) "പൊതുസ്വത്ത്" എന്നാൽ—

(i) കേന്ദ്ര സർക്കാരിന്റെയോ;

(ii) ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ;

(iii) ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെയോ;

(iv) ഒരു കേന്ദ്ര നിയമത്തിന്റെയോ പ്രാദേശിക നിയമത്തിന്റെയോ സംസ്ഥാന നിയമത്തിന്റെയോ കീഴിൽ സ്ഥാപിക്കപ്പെട്ട ഏതെങ്കിലും കോർപ്പറേഷന്റെയോ;

(v) 1956-ലെ കമ്പനി നിയമം 617-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളതുപോലുള്ള ഏതെങ്കിലും കമ്പനിയുടെയോ;

(vi) കേന്ദ്ര സർക്കാർ ഈ ആവശ്യത്തിലേക്കായി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി വിനിർദ്ദേശിക്കാവുന്ന ഏതെങ്കിലും സ്ഥാപനത്തിന്റെയോ വ്യാപാരസ്ഥാപനത്തിന്റെയോ സംരംഭത്തിന്റെയോ;

ഉടമയിലോ, കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ജംഗമമോ സ്ഥാവരമോ ആയാലും യന്ത്രസാമഗ്രികൾ ഉൾപ്പെടെയുള്ള ഏതെങ്കിലും വസ്തു എന്നർത്ഥമാകുന്നു;

എന്നാൽ, ഏതെങ്കിലും സ്ഥാപനം അല്ലെങ്കിൽ വ്യാപാര സ്ഥാപനം അല്ലെങ്കിൽ സംരംഭം കേന്ദ്ര സർക്കാരോ അല്ലെങ്കിൽ ഒന്നോ അതിലധികമോ സംസ്ഥാന സർക്കാരുകളോ അല്ലെങ്കിൽ ഭാഗികമായി കേന്ദ്ര സർക്കാരും ഭാഗികമായി ഒന്നോ അതിലധികമോ സംസ്ഥാന സർക്കാരുകളും പ്രത്യക്ഷമായോ പരോക്ഷമായോ മുഴുവനായോ ഗണ്യമായ വിധത്തിലോ ധനസഹായം ചെയ്യുന്നതല്ലെങ്കിൽ അങ്ങനെയുള്ള സ്ഥാപനത്തെയോ വ്യാപാരസ്ഥാപനത്തെയോ സംരംഭത്തെയോ കേന്ദ്ര സർക്കാർ ഈ ഉപഖണ്ഡത്തിൻകീഴിൽ വിനിർദ്ദേശിക്കാൻ പാടില്ലാത്തതാകുന്നു.

*പൊതുസ്വത്തിന് നാശനഷ്ടം ഉണ്ടാക്കുന്ന ദ്രോഹം*

3. (1) (2)-ാം ഉപവകുപ്പിൽ പരാമർശിച്ച സ്വഭാവത്തോടുകൂടിയ പൊതു സ്വത്തൊഴികെയുള്ള ഏതെങ്കിലും പൊതുസ്വത്ത് സംബന്ധിച്ച് ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതുമൂലം ദ്രോഹം ചെയ്യുന്ന ഏതൊരാളും അഞ്ചുവർഷം വരെയാകാവുന്ന തടവും, പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) (ക) ജലത്തിന്റെയോ വെളിച്ചത്തിന്റെയോ വൈദ്യുതിയുടെയോ ഊർജ്ജത്തിന്റെയോ ഉല്പാദനമോ വിതരണമോ അല്ലെങ്കിൽ സംഭരണമോ അനുബന്ധിച്ചുപയോഗിക്കുന്ന ഏതെങ്കിലും കെട്ടിടം, യന്ത്ര സംവിധാനം അല്ലെങ്കിൽ മറ്റ് വസ്തു;

(ഖ) എണ്ണ സംബന്ധിച്ച ഏതെങ്കിലും യന്ത്രസംവിധാനം;

(ഗ) ഏതെങ്കിലും അഴുക്കുചാൽ സംവിധാനം;

(ഘ) ഏതെങ്കിലും ഖനി അല്ലെങ്കിൽ ഫാക്ടറി;

(ങ) ഏതെങ്കിലും പൊതുഗതാഗത ഉപാധി അല്ലെങ്കിൽ വാർത്താ വിനിമയ ഉപാധി അല്ലെങ്കിൽ അവയോടനുബന്ധിച്ചുപയോഗിക്കുന്ന ഏതെങ്കിലും കെട്ടിടം, യന്ത്രസംവിധാനം, മറ്റ് വസ്തു എന്നീ പൊതുസ്വത്തുക്കളിലേതെങ്കിലും സംബന്ധിച്ച് ഏതെങ്കിലും പ്രവൃത്തിമൂലം ദ്രോഹം ചെയ്യുന്ന ഏതൊരാളും ആറുമാസത്തിൽ കുറയാത്തതും എന്നാൽ അഞ്ചുവർഷംവരെ ആകാവുന്നതുമായ കാലത്തേക്കുള്ള കഠിനതടവും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ, കോടതിക്ക് അതിന്റെ വിധിന്യായത്തിൽ രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ ആറുമാസത്തിൽ കുറഞ്ഞ കാലത്തേയ്ക്കുള്ള തടവിനുള്ള ശിക്ഷാവിധി നൽകാവുന്നതാണ്.

*തീയോ സ്ഫോടക വസ്തുവോ കൊണ്ട് പൊതുസ്വത്തിന് ഉണ്ടാകുന്ന ദ്രോഹം*

4. തീയോ സ്ഫോടക വസ്തുവോകൊണ്ട് 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിലോ (2)-ാം ഉപവകുപ്പിൻകീഴിലോ പ്രതിപാദിച്ചിട്ടുള്ള ഒരു കുറ്റകൃത്യം ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ പത്തുവർഷംവരെയാകാവുന്നതുമായ കാലത്തേക്ക് കഠിനതടവും, പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ കോടതിക്ക് അതിന്റെ വിധിന്യായത്തിൽ രേഖപ്പെടുത്തേണ്ട പ്രത്യേക കാരണങ്ങളിൻമേൽ ഒരു വർഷത്തിൽ കുറഞ്ഞ കാലത്തേക്കുള്ള തടവിനുള്ള ശിക്ഷാവിധി നൽകാവുന്നതാണ്.

*ജാമ്യം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ*

5. 3-ാം വകുപ്പിൻകീഴിലോ 4-ാം വകുപ്പിൻകീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ചുമത്തപ്പെടുകയോ കുറ്റസ്ഥാപനം ചെയ്യപ്പെടുകയോ ചെയ്ത യാതൊരാളെയും അയാൾ കസ്റ്റഡിയിലാണെങ്കിൽ, അയാളുടെ വിടുതൽ അപേക്ഷ സംബന്ധിച്ച് പ്രതിവാദം ചെയ്യുന്നതിന് പ്രോസിക്യൂഷന് ഒരവസരം നൽകിയിട്ടല്ലാതെ ജാമ്യത്തിലോ അയാളുടെ സ്വന്തം ബോണ്ടിൻമേലോ വിടുതൽ ചെയ്യാൻ പാടില്ലാത്തതാകുന്നു.

*ഒഴിവാക്കൽ*

6. ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമേയുള്ളവയും അവയ്ക്ക് ഭംഗം വരാത്ത വിധത്തിലുള്ളവയുമായിരിക്കുന്നതും ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള യാതൊന്നും, ഈ ആക്റ്റിൽ നിന്നും വിഭിന്നമായി ആർക്കെങ്കിലുമെതിരായി ആരംഭിക്കുകയോ എടുക്കുകയോ ചെയ്യാവുന്ന ഏതുനടപടിയിൽ നിന്നും (അന്വേഷണ രൂപത്തിലുള്ളതായാലും മറ്റു വിധത്തിലുള്ളതായാലും) അയാളെ ഒഴിവാക്കുന്നതല്ലാത്തതുമാകുന്നു.

*റദ്ദാക്കലും ഒഴിവാക്കലും*

7. (1) പൊതുസ്വത്ത് നാശനഷ്ടപ്പെടുത്തുന്നത് തടയൽ ഓർഡിനൻസ്, 1984 (1984-ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസിൻകീഴിൽ ചെയ്ത ഏതു കാര്യവും എടുത്ത ഏതു നടപടിയും ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകളിൻകീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാകുന്നു.